## പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 2552 12/03/2020-ൽ മറുപടിക്ക്

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ ആധുനികവത്കരണം

| ചോദ്യം<br>ശ്രീ.റ്റി.വി.രാജേഷ് | | ഉത്തരം<br>ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക് സൈസും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ ആധുനികവത്കരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; | (എ) | കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി, താഴെപ്പറയുന്ന പദ്ധതികൾ കാര്യക്ഷമമായി നടപ്പാക്കി വരുന്നു.<br>**കമ്പ്യൂട്ടർവൽക്കരണം:**<br>കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ ഇ-എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളാക്കി മാറ്റി അവിടെ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് ഇ-സേവനങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടി എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലും ആവശ്യമായ കമ്പ്യൂട്ടറുകളും മറ്റ് അനുബന്ധ ഉപകരണങ്ങളും സ്ഥാപിക്കുകയും കേരളാ സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ്വർക്ക് (KSWAN) മുഖാന്തിരം നെറ്റ്വർക്ക് കണക്ഷൻ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നുമുള്ള എല്ലാ സേവനങ്ങളും ഉദ്യോഗാർത്ഥികൾക്ക് ഓൺലൈൻ ആയി ലഭ്യമാക്കുന്നതിനു വേണ്ടി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 35 ലക്ഷത്തോളം തൊഴിലന്വേഷകരുടെ വിവരം ഡിജിറ്റിസ് ചെയ്ത് ഇ-എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്ന ഓൺലൈൻ സോഫ്റ്റ്വെയർ വികസിപ്പിച്ചിട്ടുണ്ട്. ആയതിന്റെ സേവനം 03/05/2017 മുതൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നും തൊഴിലന്വേഷകർക്ക് ലഭ്യമായിരുന്ന പ്രത്യക്ഷമായ എല്ലാ സേവനങ്ങളും നിലവിൽ |

| | | | |
|---|---|---|---|
| | | | www.eemployment.kerala.gov.in എന്ന വെബ് സൈറ്റ് വഴി എല്ലായ്പ്പോഴും എവിടെ നിന്നും ലഭ്യമാണ്.<br><br>മേൽപ്പറഞ്ഞ വെബ്സൈറ്റ് മുഖാന്തിരം പുതിയ രജിസ്ട്രേഷൻ, രജിസ്ട്രേഷൻ പുതുക്കൽ, സർട്ടിഫിക്കറ്റ് ചേർക്കൽ, രജിസ്ട്രേഷൻ ട്രാൻസ്ഫർ, റീ-രജിസ്ട്രേഷൻ, വ്യക്തിഗത വിവരങ്ങളുടെ അപ്ഡേഷൻ തുടങ്ങി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി പ്രത്യക്ഷമായി നൽകുന്ന എല്ലാ സേവനങ്ങളും ഓൺലൈൻ ആക്കിയിട്ടുണ്ട്.<br><br>കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേ-ഞ്ചുകൾ പേപ്പർരഹിത ഓഫീസുകളാക്കുക എന്ന ലക്ഷ്യത്തോടുകൂടി എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലും ഇ-ഓഫീസ് പദ്ധതി നടപ്പിലാക്കി വരികയാണ്. ഇതേവരെ എംപ്ലോയ്മെന്റ് വകുപ്പിന് കീഴിലുള്ള 77 ഓഫീസുകളിൽ ഇ-ഓഫീസ് പദ്ധതി നടപ്പിലാക്കി കഴിഞ്ഞു. ബാക്കിയുള്ള 21 ഓഫീസുകളിൽ കൂടി ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കി വരികയാണ്.<br><br>കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു-കളിൽ എത്തുന്ന ഉദ്യോഗാർത്ഥികൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ മെച്ചപ്പെട്ട രീതിയിൽ ഏറ്റവും കുറഞ്ഞ സമയത്തിനുള്ളിൽ നൽകുന്നതിനുള്ള സുഗമമായ അന്തരീക്ഷം ഒരുക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി സർക്കാർ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ ഭൗതികസൗകര്യങ്ങൾ പദ്ധതി വിഹിതം വിനിയോഗിച്ച് മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരികയാണ്.<br><br>സ്വകാര്യമേഖലയിലെ അനവധിയായ തൊഴിലവസരങ്ങൾ കേരളത്തിലെ അഭ്യസ്ത വിദ്യരായ തൊഴിലന്വേഷകർക്ക് ലഭ്യമാക്കുന്ന-തിനായി www.jobfest.kerala.gov.in എന്ന ഒരു വെബ്സൈറ്റ് വികസിപ്പിച്ച് അത് മുഖാന്തരം മെഗാ ജോബ് ഫെയറുകളും മിനി ജോബ് |

| | | | |
|---|---|---|---|
| | | | ഫെയറുകളും മേഖലാ തലത്തിലും ജില്ലാ തലത്തിലും യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് & ഗൈഡൻസ് ബ്യൂറോകൾ മുഖാന്തരവും സംഘടിപ്പിക്കുന്നുണ്ട്.<br><br>**<u>എംപ്ലോയബിലിറ്റി സെന്റർ:</u>**<br><br>കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കിമാറ്റുക എന്ന ലക്ഷ്യത്തോടുകൂടി നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് മുഖേന ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന പദ്ധതിയാണ് എംപ്ലോയബിലിറ്റി സെന്റർ. ഈ സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ ഉദ്യോഗാർത്ഥികളുടെ അഭിരുചി, സ്കിൽ ഗ്യാപ് എന്നിവ വിവിധ അസ്സെസ്സ്മെന്റ് ടൂൾസ് ഉപയോഗിച്ച് വിലയിരുത്തുന്നു. സോഫ്റ്റ് സ്കില്ലുകൾക്കും, ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനം വർധിപ്പിക്കുന്നതിനും എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേനയും, തൊഴിലധിഷ്ഠിത പരിശീലനം ആവശ്യമായവർക്ക അത്തരം പരിശീലനം നൽകുന്ന അംഗീകൃത പരിശീലന കേന്ദ്രങ്ങൾ മുഖേനയും പരിശീലനം നൽകി വരുന്നുണ്ട്. ഇപ്രകാരം പരിശീലനം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് സ്വകാര്യമേഖലയിലെ തൊഴിലവസരം ലഭ്യമാക്കുന്നതു ലക്ഷ്യമിട്ട് തൊഴിൽദാതാക്കളുമായി നേരിട്ട് ബന്ധപ്പെട്ടും ജോബ്ഫെയറുകൾ സംഘടിപ്പിച്ചും എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേന അവസരം ഉണ്ടാക്കി കൊടുക്കുന്നുണ്ട്.<br><br>**<u>മോഡൽ കരിയർ സെന്റർ:</u>**<br><br>സ്വകാര്യമേഖലയിലെ തൊഴിലവസരങ്ങൾ തൊഴിലന്വേഷകർക്ക് പ്രാപ്യമാക്കുക എന്ന ലക്ഷ്യം മുൻനിർത്തി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പങ്കാളിത്തത്തോടെ ആരംഭിച്ചിട്ടുള്ള പദ്ധതിയാണ് മോഡൽ കരിയർ സെന്റർ. സ്വകാര്യ മേഖലയിലെ തൊഴിലുകൾ നേടിയെടുക്കുന്നതിന് ഉദ്യോഗാർത്ഥികളെ പ്രാപ്തരാക്കുന്നതിനാവശ്യമുള്ള സമഗ്രമായ |

| | | | |
|---|---|---|---|
| | | | കർമ്മപരിപാടി ഇത്തരം സെന്ററുകളുടെ പ്രവർത്തനത്തിന്റെ ഭാഗമായി ആസൂത്രണം ചെയ്ത് നടപ്പാക്കിവരുന്നു.<br>**<u>കരിയർ ഡെവലപ്മെന്റ് സെന്റർ</u> :**<br>ഗ്രാമീണ മേഖലയിലെ തൊഴിൽരഹിതരെ ഉദ്ദേശിച്ചുകൊണ്ട് 2016-17 സാമ്പത്തിക വർഷത്തിൽ നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന നൂതന പദ്ധതിയാണ് കരിയർ ഡെവലപ്മെന്റ് സെന്റർ. ഗ്രാമീണ മേഖലയിലെ കുട്ടികൾക്ക് വിദ്യാഭ്യാസ മേഖലയിലെയും തൊഴിൽ മേഖലയിലെയും നൂതനപ്രവണതകളെകുറിച്ചും കാലാനുസൃതമായി ഉണ്ടാകുന്ന മാറ്റങ്ങളെക്കുറിച്ചും അറിവും പരിശീലനവും നൽകി ഉന്നത വിദ്യാഭ്യാസവും അനുയോജ്യമായ തൊഴിലും നേടിയെടുക്കുവാൻ സഹായിക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. |
| (ബി) | 2019 ഡിസംബർ 31 വരെ സംസ്ഥാനത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലന്വേഷകർ എത്രയാണ്; സ്ത്രീകൾ എത്രയെന്നും പുരുഷൻമാർ എത്രയെന്നും വ്യക്തമാക്കുമോ? | (ബി) | കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു-കളിൽ ആകെ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർ-ത്ഥികളുടെ എണ്ണം 31/12/2019 ലെ കണക്ക് പ്രകാരം 33,94,370 ആണ്. **ഇതിൽ സർക്കാർ/ അർദ്ധസർക്കാർ/പൊതുമേഖലാ സ്ഥാപന-ങ്ങളിൽ ജോലിക്ക് അർഹതയുള്ള 18 നും 50-നും ഇടയിൽ പ്രായമുള്ള തൊഴിലന്വേഷ-കരുടെ എണ്ണം 29,86,979 ആണ്.**<br>സ്ത്രീകൾ : 19,27,964<br>പുരുഷന്മാർ : 10,59,001<br>ട്രാൻസ്ജെൻഡർ : 14<br>**ആകെ** : 29,86,979 |

**സെക്ഷൻ ഓഫീസർ**